പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201 | | 23.03.2012 -ൽ മറുപടിയ്ക്ക് |
|---|---|---|
| സ്ത്രീ ശാക്തീകരണത്തിനുള്ള പദ്ധതികൾ | | |
| ചോദ്യം | | ഉത്തരം |
| ഡോ. എൻ.ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ് | | ഡോ. എം.കെ.മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | സാമൂഹ്യക്ഷേമ വകുപ്പ് സ്ത്രീകളുടെ ഉന്നമനം മുൻനിർത്തി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ; | (എ) സ്ത്രീകളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി സംസ്ഥാനസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന രണ്ട് പുതിയ പദ്ധതികളാണ് 'നിർഭയ'യും, 'തന്റേടം ജൻഡർ പാർക്കും'. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുകയു-മാണ് നിർഭയ പദ്ധതിയുടെ ലക്ഷ്യം. സ്ത്രീകളുടെ സമസ്ത മേഖലയിലുമുള്ള പുരോഗതി ലക്ഷ്യമിട്ട് കോഴിക്കോട് വെള്ളിമാട് കുന്നിൽ ആരംഭിക്കുന്ന പദ്ധതിയാണ് 'തന്റേടം ജൻഡർ പാർക്ക്'. കൂടാതെ വനിതാവികസന കോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | |
|---|---|---|
| | | 1. വിവിധ ആവശ്യങ്ങൾക്കായി തലസ്ഥാന നഗരത്തിലെത്തുന്ന വനിതകൾക്ക് ആവശ്യമായ പ്രാഥമിക വിവരം നൽകുന്നതിനായുള്ള വനിതാ വിവരകേന്ദ്രങ്ങൾ.<br>2. തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ, മാനന്തവാടി എന്നിവിടങ്ങളിലുള്ള കോർപ്പറേഷന്റെ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നവീകരണം, ബാക്കിയുള്ള ജില്ലകളിൽ കൂടി ഹോസ്റ്റലുകൾ സർക്കാർ സഹായത്തോടെ 12-ാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുക.<br>3. കോർപ്പറേഷനിൽ നിന്നും സ്വയംതൊഴിൽ വായ്പ എടുത്ത ഗുണഭോക്താക്കൾക്ക് വായ്പാ തിരിച്ചടവ് തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ നടത്തുന്നതിനുള്ള സംവിധാനം.<br>4. കോർപ്പറേഷന്റെ എല്ലാ ഓഫീസുകളും ബന്ധിപ്പിച്ച് മുഴുവൻ പ്രവർത്തനവും കമ്പ്യൂട്ടറൈസ് ചെയ്യുക.<br>5. കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയവുമായി സഹകരിച്ച് ജെന്റർ ബഡ്ജറ്റിംഗ് പരിശീലനം നടപ്പിലാക്കുന്നതിനാവശ്യമായ ട്രെയിനിംഗ് എല്ലാ വകുപ്പുകളിലും നൽകുക.<br>→ |

| | | |
|---|---|---|
| (ബി) | സ്ത്രീ ശാക്തീകരണത്തിന് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണ്? | ബി) സാമൂഹ്യക്ഷേമ വകുപ്പ് സ്ത്രീ ശാക്തീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളാണ് മംഗല്യപദ്ധതി, വനിതകൾ ഗൃഹനാഥരായുള്ളവരുടെ കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവ. വിധവകളായുള്ള സ്ത്രീകൾക്ക് പുനർ വിവാഹത്തിനുള്ള ധനസഹായ പദ്ധതിയാണ് മംഗല്യ. ഇതുപ്രകാരം 25,000/- രൂപയാണ് നൽകുന്നത്. വനിതകൾ ഗൃഹനാഥകളായിട്ടുള്ള വനിതകളുടെ കുട്ടികൾക്കായുള്ള ധനസഹായ പദ്ധതിയനുസരിച്ച് 10-ാം ക്ളാസ് മുതൽ പ്ളസ് 2 വരെയുള്ള കുട്ടികൾക്ക് 2500/- രൂപയും, ഡിഗ്രിതലം മുതലുള്ള കുട്ടികൾക്ക് 5000/- രൂപയും പ്രതിവർഷം നൽകിവരുന്നു.<br>സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി വനിതാവികസനകോർപ്പറേഷൻ താഴെപ്പറയുന്ന പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നു.<br>1.ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി, പിന്നോക്ക വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി, മുന്നോക്ക വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതി.<br>2. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി പിന്നോക്ക/ന്യൂനപക്ഷ/പട്ടികജാതിയിലെ വനിതകൾ ഉൾപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പ നൽകുന്ന മൈക്രോഫിനാൻസ് പദ്ധതി.<br>3. പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിലെ വനിതകൾക്ക് പ്രൊഫഷണൽ കോഴ്സ് പഠനത്തിനു നൽകുന്ന വിദ്യാഭ്യാസ വായ്പാ പദ്ധതി.<br>4. വനിതാ വികസന കോർപ്പറേഷൻ സംസ്ഥാന സർക്കാരിന്റെ "ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾസ് ആന്റ് എംപ്ലോയ്മെന്റ്" എന്നുള്ള പദ്ധതി പ്രകാരം വിവിധ പരമ്പരാഗത |

| | | |
|---|---|---|
| | | മേഖലകളിലും മറ്റു മേഖലകളിലും നടത്തുന്ന 'സ്കിൽ ഡവലപ്മെന്റ് ആന്റ് അപ്ഗ്രഡേഷൻ' പ്രോഗ്രാമുകൾ.<br>5. പ്ലസ് 2 വിദ്യാഭ്യാസം പൂർത്തിയാക്കിയിറങ്ങുന്ന വിദ്യാർഥി/വിദ്യാർത്ഥിനികൾക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കുമനുസരിച്ച് ജോലി നേടുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന കരിയർ ഗൈഡൻസ് പ്രോഗ്രാം.<br>6. സ്വയം തൊഴിലിന് സാധ്യതകൾ കൂടുതലുള്ള വിവിധ മേഖലകളിൽ നൽകുന്ന തൊഴിലധിഷ്ഠിത പരിശീലനങ്ങൾ.<br>7. വനിതാ വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന മേളകൾ.<br>8. നഗര പ്രദേശങ്ങളിൽ ജോലിചെയ്യുന്ന വനിതകൾക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി എട്ട് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ. |
| **(സി)** | പ്രസ്തുത മേഖലയ്ക്കുവേണ്ടി 2012-2013 സാമ്പത്തിക വർഷം എത്ര തുക നീക്കി വയ്ക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | **(സി)** സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ സ്ത്രീശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടിക്ക് വേണ്ടി 310 ലക്ഷം രൂപ 2012-13 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന വനിത വികസന കോർപ്പറേഷന് 518 ലക്ഷം രൂപയും വനിതാവികസന പദ്ധതിക്ക് 250 ലക്ഷം രൂപയും സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷന് വേണ്ടി 90 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | | ഇതിന് പുറമേ വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്ക്കൂളുകൾക്കായുള്ള സുപ്രധാന പരിപാടിക്ക് 100 ലക്ഷം രൂപയും ജൻഡർ അഡ്വൈസറി ബോർഡിന് 10 ലക്ഷം രൂപയും ജൻഡർപാർക്കിന് 600 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യത്തിന് 425 ലക്ഷം രൂപയും ശരണ്യാ പദ്ധതിക്ക് വേണ്ടി 700 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ കുടുംബ ശ്രീ പരിപാടിക്ക് വേണ്ടി 4500 ലക്ഷം രൂപയും അടുത്ത ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള മാനസിക സാമൂഹിക സേവനങ്ങൾക്ക് 400 ലക്ഷം രൂപയും അവിവാഹിതരായ അമ്മമാരുടെ പുനരധിവാസത്തിന് (സ്നേഹ സ്പർശം) 100 ലക്ഷം രൂപയും കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായുള്ള രാജീവ് ഗാന്ധി സ്കീം- 1058 ലക്ഷം രൂപയും Conditional Maternity Benefit Scheme -3000/- ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ